## കേരള സർക്കാർ

### സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ് - കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) - ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറെ അംഗമായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സൈനിക ക്ഷേമ (എ) വകുപ്പ്

**സ.ഉ(കൈ)നം.37/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം:15.09.2022**

---

പരാമർശം:- 1. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 31.08.2021 ലെ DSW/249/C1 നമ്പർ കത്ത്.

2. കെക്സ്കോൺ മാനേജിംഗ് ഡയറക്ടറുടെ 07.05.2022 ലെ 201/Est./Govt.Corresp/KEXCON/2022 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) ന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറെ ഒരംഗമായി ഉൾപ്പെടുത്തേണ്ടുന്നതിന്റെ ആവശ്യകത പരാമർശം 1 പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു.

പ്രസ്തുത വിഷയം 26.02.2022 ൽ കൂടിയ കെക്സ്കോണിന്റെ ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുകയും നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണെന്നും പരാമർശം 2 പ്രകാരം കെക്സ്കോൺ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. കെക്സ്കോണിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ 13 മുതൽ 22 വരെയുള്ള ചട്ടങ്ങൾ പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറെ

കെക്സ്കോൺ ഡയറക്ടർ ബോർഡിൽ അംഗമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ചെയർമാൻ, കെക്സ്കോൺ, അമൃത ഹോട്ടലിന് എതിർവശം, തൈക്കാട്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കെക്സ്കോൺ, അമൃത ഹോട്ടലിന് എതിർവശം, തൈക്കാട്, തിരുവനന്തപുരം.
3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ